## പതിമൂന്നാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 253 — 26.09.2011-ൽ മറുപടിക്ക്.

### കണ്ണൂർ വിമാനത്താവളത്തിന്റെ നിർമ്മാണ പുരോഗതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ.ലൂഡി ലൂയിസ് | | ശ്രീ. കെ. ബാബു<br>(എക്സൈസും തുറമുഖവും വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ വിമാനത്താവളത്തിന്റെ നിർമ്മാണ പുരോഗതി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | കണ്ണൂർ വിമാനത്താവള പദ്ധതിക്കു വേണ്ടി 1277.78 ഏക്കർ ഭൂമി സർക്കാർ ഏറ്റെടുത്തു കഴിഞ്ഞിട്ടുണ്ട്. ഇതിൽ സർക്കാർ ഏറ്റെടുത്ത 192.18ഏക്കർ ഭൂമി കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള കമ്പനിക്ക് (KIAL) കൈമാറി ക്കഴിഞ്ഞിട്ടുണ്ട്. ബാക്കി ഭൂമി സർക്കാരിനു വേണ്ടി കിൻഫ്രയാണ് ഏറ്റെടുത്തിട്ടുള്ളത്. ഇത് ബാങ്കുകളിൽ നിന്ന് കടമെടുത്താണ് ഏറ്റെടുത്തിട്ടുള്ളത്. ആയതിനാൽ ഈ ഭൂമി കിയാലിന് കൈമാറാൻ ബന്ധപ്പെട്ട ബാങ്കുകളുടെ അനുവാദം ആവശ്യമാണ്. ഇതിനു വേണ്ട നടപടികൾ സർക്കാരും കിൻഫ്രയും നടത്തിക്കൊണ്ടിരിക്കുകയാണ്. ഇതു കൂടാതെ 783 എക്കർ ഭൂമി കൂടി പദ്ധതിക്കുവേണ്ടി ഏറ്റെടുക്കാൻ സർക്കാർ നോട്ടിഫൈ ചെയ്തിട്ടുണ്ട്. പദ്ധതിയുടെ കൺസൽട്ടൻസിക്ക് എയർപ്പോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പരിസ്ഥിതി |

| | | | |
|---|---|---|---|
| | | | മന്ത്രാലയത്തിന്റെ അനുമതിക്കു വേണ്ടിയുള്ള റിപ്പോർട്ട് തയ്യാറാക്കാൻ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസിനെ (CESS ) നിയോഗിച്ചിട്ടുണ്ട്. ഈ രണ്ടു ജോലികളും 2011 അവസാനത്തോടു കൂടി തീർന്നുകിട്ടും എന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ബി) | ഈ പദ്ധതിയുടെ പ്രതീക്ഷിക്കുന്ന ചെലവ് എത്ര കോടി രൂപയാണ്; | (ബി) | എയർപ്പോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയിൽ നിന്ന് ഡീറ്റയിൽഡ് പ്രോജക്റ്റ് റിപ്പോർട്ട് (DPR) കിട്ടിക്കഴിഞ്ഞാലേ പദ്ധതിക്ക് ഇന്നത്തെ നിലവാരത്തിൽ പ്രതീക്ഷി ക്കുന്ന ചിലവ് കൃത്യമായി പറയാൻ കഴിയുകയുള്ളൂ. 2005 ൽ തയ്യാറാക്കിയ ടെക്നോ ഇക്കണോമിക്ക് ഫീസിബിലിറ്റി റിപ്പോർട്ട് (TEFR) അനുസരിച്ച് പദ്ധതിയുടെ ആദ്യഘട്ടത്തിന് അന്നത്തെ നിലവാരത്തിൽ 455 കോടി രൂപയാണ് ചെലവ്. |
| (സി) | നിർമ്മാണം സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; ഇതിന്റെ വിശദാംശങ്ങൾ എന്തെല്ലാം; | (സി) | പദ്ധതിയുടെ പുരോഗതി തുടർച്ചയായി അവലോകനം ചെയ്യപ്പെടുന്നുണ്ട്. ഓരോ ബോർഡ് മീറ്റിംഗിലും ഇതിനെപ്പറ്റിയുള്ള റിപ്പോർട്ട് പരിഗണി ക്കുകയും തുടർ നടപടികൾക്ക് വേണ്ടിയുള്ള നിർദ്ദേശങ്ങൾ ബോർഡ് നൽകുകയും ചെയ്യാറുണ്ട്. |
| (ഡി) | കണ്ണൂർ വിമാനത്താവളത്തിൽ എന്ന് വിമാനമിറങ്ങുമെന്നാണ് പ്രതീക്ഷിക്കുന്നത്? | (ഡി) | 2012 ൽ റൺവേയുടെ നിർമ്മാണം ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. 2014 അവസാന ത്തോടുകൂടി കണ്ണൂർ വിമാനത്താവള ത്തിൽ വിമാനം ഇറക്കത്തക്കവിധ ത്തിലാണ് പദ്ധതി പ്രവർത്തനം മുന്നോട്ടു പോകുന്നത്. |

സെക്ഷൻ ഓഫീസർ.